ॐ

അത്യുഗ്ര ഹലാഹല പാണിപദ്മം,ഗംഗാധരം ചന്ദ്ര തുഷാരവർണ്ണം
ഗൗരീപതിം ഘോര ഭുജംഗഭൂഷം, ശ്രീനീലകണ്ഠം ഹൃദി ഭാവയാമി.

# തോന്നയ്ക്കൽ കുടവൂർ ശ്രീ മഹാദേവർ ക്ഷേത്രട്രസ്റ്റ്


**രജിസ്റ്റർ നമ്പർ:** T/IV/43/2001, **ഫോൺ** : 0471 2080585, 9400429585

**കുടവൂർ.പി.ഒ, തിരുവനന്തപുരം 695313**

www.kudavoormahadevar.com




# മഹാശിവരാത്രി ആഘോഷം

**1200 കുംഭം 14 (2025 ഫെബ്രുവരി 26) ബുധൻ**

## മഹാശിവരാത്രി സമ്മേളനം



മുഖ്യാതിഥി
ഉദ്ഘാടനം
**ശ്രീ ഋഷിരാജ് സിംഗ് IPS (Retd.)**
മുൻ ഡയറക്ടർ ജനറൽ ഓഫ് പോലീസ്

## ദീപക്കാഴ്ച



വിശിഷ്ടാതിഥി
**Adv. Dr. ക്രിസ് വേണുഗോപാൽ**
ചലച്ചിത്ര ടി വി താരം, റേഡിയോ ജോക്കി, സൈക്കോളജിസ്റ്റ്, ഗ്രന്ഥകർത്താവ്

**വിദ്യാഭ്യാസ അവാർഡ് | നൃത്തനൃത്യങ്ങൾ | ആത്മീയ പ്രഭാഷണം | പിന്നൽ തിരുവാതിര | ഭജൻ | ഡിജിറ്റൽ LED വാൾ പ്രദർശനം**


# Dreamer Ads : +91 8921237273

കുടവൂർ
10/02/2025

ബഹുമാന്യ ഭക്തജനങ്ങളേ,

**2025 ഫെബ്രുവരി 26 (1200 കുംഭം 14) ബുധനാഴ്ച മഹാശിവരാത്രി.** പാർവ്വതീ-പരമേശ്വരൻമാരെ മനസ്സിൽ ധ്യാനിച്ച്, ശിവരാത്രി വ്രതം നോറ്റ്, ഒരു മുഴുവൻ ദിനവും ഭഗവത് സാന്നിദ്ധ്യത്തിൽ കഴിയാൻ മഹാദേവഭക്തർ ആറ്റുനോറ്റിരിക്കുന്ന പുണ്യദിനം സമാഗതമാവുകയാണ്. മുൻവർഷങ്ങളിലേതുപോലെ തന്നെ മഹാശിവരാത്രി ആഘോഷത്തിനായി കുടവൂർ ശ്രീ മഹാദേവക്ഷേത്രം ഒരുങ്ങിക്കഴിഞ്ഞിരിക്കുന്നു.

ക്ഷിപ്രപ്രസാദിയായ ഹാലാസ്യനാഥന്റെ വരപ്രസാദത്തിനായി കഠിനവ്രതം നോറ്റ് ഭഗവത് ദർശനത്തിനും യാമപൂജാഭജനത്തിനുമായി കുടവൂരപ്പ സന്നിധിയിലെത്തുന്ന ആയിരക്കണക്കിന് ഭക്തജനങ്ങൾക്ക് ദർശനസൗകര്യമൊരുക്കുന്നതിനായി വിപുലമായ ക്രമീകരണങ്ങൾ ക്ഷേത്ര ട്രസ്റ്റ് ബോർഡ് ഒരുക്കിയിട്ടുണ്ട്. മഹാശിവരാത്രി പുണ്യദിനത്തിൽ മുഴുവൻ പരമേശ്വര-പാർവ്വതീ ഭക്തരേയും കുടവൂരപ്പ സന്നിധിയിലേക്ക് ഹൃദയപൂർവ്വം സ്വാഗതം ചെയ്യുന്നു.

കേരളത്തിലെ പൊതുസമൂഹം എന്നും ആരാധനയോടെയും അത്ഭുതത്തോടെയും നോക്കിക്കാണുകയും, ക്രമാസമാധാനപാലനത്തിന്റെ മാതൃകയായി ചൂണ്ടിക്കാണിക്കുകയും ചെയ്യുന്ന ശ്രദ്ധേയനായ **മുൻ DGP ശ്രീ ഋഷിരാജ് സിംഗ് IPS (Retd.)** ഈ വർഷത്തെ മഹാശിവരാത്രി ദിനത്തിൽ മുഖ്യാതിഥിയായി പങ്കെടുത്ത് മഹാശിവരാത്രി സമ്മേളനം ഉദ്ഘാടനം ചെയ്യും. ചലച്ചിത്ര-ടി വി താരം, റേഡിയോ ജോക്കി, അഡ്വക്കേറ്റ്, സൈക്കോളജിസ്റ്റ്, ഗ്രന്ഥകാരൻ, സംഗീതജ്ഞൻ തുടങ്ങി വിവിധ മേഖലകളിൽ വ്യക്തിമുദ്ര പതിപ്പിച്ച ബഹുമുഖപ്രതിഭ **Adv. Dr. ക്രിസ് വേണുഗോപാൽ** വിശിഷ്ടാതിഥിയായെത്തി ദീപക്കാഴ്ചയിൽ ആദ്യ ദീപം തെളിയിക്കും.

മഹാശിവരാത്രി ആഘോഷപരിപാടികളിൽ പങ്കെടുക്കാൻ എല്ലാ മഹാദേവ ഭക്തരെയും കുടവൂരപ്പ സവിധത്തിലേക്കു ഹൃദയപൂർവ്വം ക്ഷണിക്കുന്നു.

ദേവസ്വം ട്രസ്റ്റ് ബോർഡിനുവേണ്ടി


**തോന്നയ്ക്കൽ രവി**
പ്രസിഡന്റ്
9961986262

**ജി. സുരേഷ്കുമാർ, സദ്ഗമയ**
ജനറൽ സെക്രട്ടറി
8714999593

**സി. സുരേന്ദ്രൻ നായർ, ആര്യാമന്ദിരം**
ട്രഷറർ
9744833970




## വിദ്യാഭ്യാസ അവാർഡ്

### ഹയർസെക്കന്ററി



**നീരജ് എസ് എസ്**
S/O സുരേഷ് കുമാർ & സീന എം പി
സദ്ഗമയ, കുടവൂർ



**സ്നേഹ എം ജെ**
D/O ജയകുമാരൻ നായർ ബി & മഞ്ജു എസ്
അശ്വതി, കുടവൂർ

### എസ് എസ് എൽ സി



**അഭിരാമി പി എസ്**
D/O പ്രദീപ്കുമാർ ആർ & സന്ധ്യാകുമാരി
നീരാഞ്ജനം, വേങ്ങോട്



**വൈഷ്ണവ് എ എം**
S/O അനിൽകുമാർ വി എസ് & മനുജാ കെ എസ്
വൈശാഖം, വാഴവിള



**ഹരിശങ്കർ ആർ**
S/O രാമഭദ്രൻ ആർ & രാജി കെ ആർ
നന്ദനം, കുടവൂർ



**ഗൗരി ഷാജി**
D/O ഷാജി എം ഡി & രാധിക ഡി ആർ
ഡി ആർ ഭവൻ, കുടവൂർ



**സിദ്ധി വിനായക് ജി എസ്**
S/O എസ് ഗോപകുമാരൻ നായർ & സരിത ജി എസ്
ഗോവിന്ദം, കുടവൂർ


## അനുമോദനം



**കൃഷ്ണശ്രീ എം എം**
അന്താരാഷ്ട്ര ശുചിത്വ ഉച്ചകോടിയിൽ പ്രബന്ധാവതരണം.



**ആദിലക്ഷ്മി**
ഇൻഡ്യാ ബുക്ക് ഓഫ് റെക്കോർഡ്സ് വിന്നർ




**രാജീവ് ആർ നായർ**
ഭക്തിഗാന രചയിതാവ്



**ജീ എസ് സുരേഷ് കുമാർ**
ഫോട്ടോഗ്രാഫി
ജീജീസ്, വേങ്ങോട്

## 2025 ഫെബ്രുവരി 26 (1200 കുംഭം 14 ) ബുധനാഴ്ച



| | | |
|---|---|---|
| രാവിലെ 5.00 മണി മുതൽ | : | ക്ഷേത്ര ചടങ്ങുകൾ |
| 6.00 ന് | : | **അഷ്ടദ്രവ്യ മഹാഗണപതി ഹോമം** |
| 6.30 ന് | : | **അഖണ്ഡ പഞ്ചാക്ഷര മന്ത്രം**<br>(മാതൃസമിതി, കുടവൂർ) |
| 10.00 ന | : | **സമൂഹ മൃത്യുഞ്ജയ ഹോമം** |
| വൈകുന്നേരം 6.30 ന് | : | **ദീപക്കാഴ്ച**<br>വിശിഷ്ടാതിഥികളുടെ സാന്നിധ്യത്തിൽ ആദ്യ ദീപം തെളിയിക്കൽ<br>**അഡ്വ: ഡോ: ക്രിസ് വേണുഗോപാൽ**<br>ചലച്ചിത്ര ടി വി താരം, റേഡിയോ ജോക്കി, സൈക്കോളജിസ്റ്റ്, ഗ്രന്ഥകർത്താവ് |
| 7 മണി മുതൽ | : | **മഹാശിവരാത്രി സമ്മേളനം** |
| അധ്യക്ഷൻ | : | ശ്രീ തോന്നയ്ക്കൽ രവി<br>പ്രസിഡന്റ്, കുടവൂർ ക്ഷേത്ര ട്രസ്റ്റ് |
| പ്രാർത്ഥന | : | ശ്രീമതി എസ് ശുഭകുമാരി |
| സ്വാഗതം | : | ശ്രീ ജി സുരേഷ് കുമാർ<br>ജനറൽ സെക്രട്ടറി, കുടവൂർ ക്ഷേത്ര ട്രസ്റ്റ് |
| ഉപക്രമം | : | അധ്യക്ഷൻ |
| ഉദ്ഘാടനം | : | **ശ്രീ. ഋഷിരാജ് സിംഗ്** ഐ പി എസ് (റിട്ട.)<br>മുൻ ഡയറക്ടർ ജനറൽ ഓഫ് പോലീസ് |
| അനുഗ്രഹ പ്രഭാഷണം | : | ബ്രഹ്മശ്രീ എൻ വിഷ്ണു നമ്പൂതിരി<br>ക്ഷേത്ര തന്ത്രി<br>**അവാർഡ് വിതരണം : വിശിഷ്ടാതിഥികൾ** |
| കൃതജ്ഞത | : | ശ്രീ സി സുരേന്ദ്രൻ നായർ<br>ട്രഷറർ, ക്ഷേത്ര ട്രസ്റ്റ് |
| 8 മണി മുതൽ | : | **ഭക്തിഗാനാമൃതം**<br>അവതരണം : ഹിമശ്രീ സംഗീത വിദ്യാലയം ചെമ്പകമംഗലം |
| 9.30 മുതൽ | : | **ക്ലാസിക്കൽ ഡാൻസ്**<br>അവതരണം : കുമാരി മാളവിക എ ആർ (മിഥില ട്രെയിനിംഗ് സെന്റർ) |
| 10 മുതൽ | : | **പിയാനോ പ്ലേയിങ്**<br>അവതരണം : കുമാരി മിഥില എ ആർ, & കുമാരി ആഷ്നി യാസ്മിൻ |











11:00 മുതൽ
**ഭക്തിഗാനാമൃതം : ഭജൻസ്**
അവതരണം : കുടവൂർ മഹാദേവ ഭജന സംഘം




1:00 മുതൽ
**തിരുവാതിരക്കളി**
അവതരണം : ശിവപാർവ്വതി, കുടവൂർ.
സമർപ്പണം : വിജയകുമാർ. വി, ഇടയാവണത്ത് വീട്, ഇടയാവണം.



2:00 മുതൽ
**ഡിജിറ്റൽ LED വാൾ പ്രദർശനം**
ഫൈനൽ കട്ട്, കരൂർ

കുടവൂർ ശ്രീ മഹാദേവ ക്ഷേത്രത്തിന്റെ ചരിത്രവും, അനുഷ്ഠാന കർമ്മങ്ങളും, ആചാരങ്ങളും ആധാരമാക്കി ശ്രീ.തോന്നയ്ക്കൽ രവി രചിച്ച `കുടവൂരപ്പൻ ' എന്ന ഭക്തിഗാനം ചടങ്ങിൽ വച്ച് പ്രകാശനം ചെയ്യുന്നതാണ്.

# മഹാശിവരാത്രി



## സമൂഹഭക്തജന പങ്കാളിത്തത്തോടെ മഹാമൃത്യുഞ്ജയഹോമം

ദേവദേവനായ ശ്രീപരമേശ്വരൻ വൈദ്യനാഥൻ കൂടിയാണ്. മാരകരോഗങ്ങളിൽ നിന്നും മുക്തി നേടുന്നതിനും, അകാലമൃത്യുവിൽനിന്നും രക്ഷനേടുന്നതിനുമായി ദേവദേവന് ഭക്തജനങ്ങൾ നേർച്ചയായി നടത്തുന്ന അനുഷ്ഠാനമാണ് മൃത്യുഞ്ജയഹോമം. ഓരോ ഭക്തനും ഈ ഹോമം നടത്തുന്നത് ക്ഷിപ്രസാധ്യമല്ലാത്തതിനാൽ താന്ത്രിക നിർദ്ദേശമനുസരിച്ച് എല്ലാ വർഷവും ശിവരാത്രി നാളിൽ സമൂഹഭക്തജനപങ്കാളിത്തത്തോടെ മഹാമൃത്യുഞ്ജയഹോമം നടത്താൻ തീരുമാനിച്ചിട്ടുണ്ട്. നൂറ് രൂപ ദേവസ്വത്തിലടച്ച് മഹാമൃത്യുഞ്ജയഹോമത്തിൽ ഭക്തജനങ്ങൾക്ക് പങ്കെടുക്കാവുന്നതാണ്. വിശദവിവരങ്ങൾക്ക് ട്രസ്റ്റ് ബോർഡ് അംഗങ്ങളുമായി ബന്ധപ്പെടാൻ അഭ്യർത്ഥിക്കുന്നു.

## ശിവരാത്രി വ്രതം

മാഘമാസത്തിലെ കൃഷ്ണപക്ഷ ചതുർദ്ദശി ദിവസമാണ് ശിവരാത്രി. ചതുർദ്ദശി അർദ്ധരാത്രിയിൽ തട്ടുന്ന ദിവസമാണ് വ്രതമായി ആചരിക്കേണ്ടത്. രണ്ടു രാത്രികൾക്ക് ചതുർദ്ദശി സംബന്ധം വന്നാൽ ആദ്യത്തേത് എടുക്കണം . താപസന്മാർക്ക് പ്രധാനവും ശിവപ്രീതികരവുമായ ഈ വ്രതം അതി ശ്രേഷ്ഠമാണ്. പാലാഴിമഥനം നടത്തുമ്പോൾ ഉണ്ടായ ഹലാഹല വിഷം ലോകരക്ഷയ്ക്കായി ശ്രീ മഹാദേവൻ പാനം ചെയ്തു. ആ വിഷം ഭഗവാനെ ബാധിക്കാതിരിക്കാൻ ഏവരും ഉറങ്ങാതെ വ്രതം അനുഷ്ഠിച്ചുകൊണ്ട് പ്രാർത്ഥിച്ചു. പരമശിവൻ വിഷപാനം ചെയ്ത രാത്രിയാണ് ശിവരാത്രിയായി ആഘോഷിക്കുന്നത്. ഈ ദിവസം വ്രതം അനുഷ്ഠിക്കാൻ നിർദ്ദേശിച്ചത് ഭഗവാൻ തന്നെയാണെന്ന് ഭക്തജനങ്ങൾ വിശ്വസിക്കുന്നു. രാജസ, താമസ ഗുണങ്ങളെ നിയന്ത്രിച്ച് ഉള്ളിൽ സാത്വികത വളർത്തുന്ന വ്രതമാണിത്. ശിവരാത്രി നാളിൽ ബ്രഹ്മ മുഹൂർത്തത്തിൽ ഉണർന്ന് സ്നാനാദികർമ്മങ്ങൾ കഴിച്ചശേഷം ഭസ്മം, രുദ്രാക്ഷം എന്നിവ ധരിച്ചുകൊണ്ട് ശിവസ്തുതികൾ, പഞ്ചാക്ഷര മന്ത്രങ്ങൾ തുടങ്ങിയവ ജപിക്കുക. ശിവക്ഷേത്ര ദർശനം നടത്തി ക്ഷേത്രത്തിൽ തന്നെ കഴിഞ്ഞുകൂടുന്നതും ഉത്തമം. പകൽ ഉപവാസം നിർബന്ധമാണ്. ശിവപുരാണ പാരായണം ശ്രവിച്ചുകൊണ്ട് പകൽ ഭക്തിപൂർവ്വം വർത്തിക്കുക. വൈകിട്ട് വീണ്ടും കുളിച്ച ശേഷം ക്ഷേത്രത്തിൽ ശിവലിംഗത്തിൽ കൂവള മാല ചാർത്തുക, കൂവളത്തില കൊണ്ട് അർച്ചന നടത്തുക, ശുദ്ധജലം, പാൽ തുടങ്ങിയവ കൊണ്ട് അഭിഷേകം നടത്തുക. എന്നിവയൊക്കെ വിധിപ്രകാരംപ്രകാരം ചെയ്യേണ്ടതാണ്. രാത്രി പൂർണ്ണമായി ഉറക്കം ഒഴിക്കണം. രാവിലെ ശിവപൂജ ബ്രാഹ്മണ ഭോജനം, ദാനം ആദിയായവ ചെയ്ത ശേഷം പാരണ കഴിക്കാം. ഇത്തരത്തിൽ ഈ മഹാവ്രതം അനുഷ്ഠിക്കുന്നവരുടെ സകല പാപങ്ങളും നശിക്കുകയും, ഐശ്വര്യവും ശ്രേയസും സിദ്ധിക്കുകയും, മരണാനന്തരം ശിവലോകം പ്രാപിക്കുകയും ചെയ്യുന്നു. (അനുഷ്ഠാന വിജ്ഞാനകോശം)

## ശ്രീകോവിൽ മേൽക്കൂര നവീകരണം


കാലപ്പഴക്കം മൂലം ക്ഷേത്രകോവിലിന്റെ മേൽക്കൂരയ്ക്ക് സംഭവിച്ചിട്ടുള്ള കേടുപാടുകൾ പരിഹരിക്കുന്നതിനുള്ള നവീകരണ പ്രവർത്തനങ്ങൾ ശിവരാത്രി ആഘോഷത്തിനു ശേഷം ആരംഭിക്കുന്നതാണ്. ഈ പ്രവർത്തനങ്ങൾക്കായി കുടവൂർ, മുറിഞ്ഞപാലം, വെള്ളംകൊള്ളി വീട്ടിൽ പരേതരായ കെ എൻ മാധവൻ നായരുടെയും, പി എസ് ലളിതകുമാരിയുടെയും സ്മരണാർത്ഥം 50,000/ രൂപ സമർപ്പിക്കാമെന്ന് സദയം സമ്മതിച്ചിട്ടുള്ള പുത്രൻ ശ്രീ എം പ്രമോദ്കുമാറിനോടുള്ള നന്ദി അറിയിക്കുന്നു.

## കുടവൂരപ്പന് ഒരു പിടി മണ്ണ്

കുടവൂർ ശ്രീ മഹാദേവന്റെ ആസ്ഥാനത്ത് വികസന പ്രവർത്തനങ്ങൾക്ക് വിഘാതമായി നിൽക്കുന്ന ഗുരുതരമായ സ്ഥലപരിമിതി മറികടക്കുന്നതിന് മുന്നോടിയായി ക്ഷേത്രക്കുളത്തിന്റെ പടിഞ്ഞാറ് ഭാഗത്ത് 41.688 സെന്റ് പുരയിടം വിലക്ക് വാങ്ങി സ്വന്തമാക്കാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. ഈ പ്രക്രിയ തുടർന്നുകൊണ്ട് ആസന്നഭാവിയിൽ കൂടുതൽ സ്ഥലം വിലക്ക് വാങ്ങി ക്ഷേത്രവികസനം പൂർണ്ണതയിലെത്തിക്കാനുള്ള അക്ഷീണപ്രയത്നം നടത്താൻ ട്രസ്റ്റ് ബോർഡ് തീരുമാനിച്ചിട്ടുണ്ട്. ഈ ആവശ്യത്തിന് എല്ലാ ഭക്തജനങ്ങളിൽ നിന്നും നിർല്ലോഭമായ സഹകരണം ഉണ്ടാകണമെന്ന് ക്ഷേത്രട്രസ്റ്റ് ബോർഡ് അഭ്യർത്ഥിക്കുന്നു .

## കടപ്പാട്

ആചാര പ്രാധാന്യമുള്ള വിശേശേഷദിവസങ്ങളിൽ ഉൾപ്പെടെ ശ്രീ മഹാദേവന്റെ ശീവേലി വിഗ്രഹം പുറത്തെഴുന്നള്ളിക്കുന്നതിനു നന്ദികേശവാഹനം രൂപകല്പന ചെയ്തു നിർമ്മിക്കുന്നതിന് ആദ്യസമർപ്പണമായി 50,000/ രൂപ സംഭാവന ചെയ്തിട്ടുള്ള ക്ഷേതഭരണസമിതിയുടെ മുൻ പ്രസിഡന്റ്, കുടവൂർ, പത്മവിലാസത്തിൽ, ശ്രീ ജി ഗോപിനാഥൻനായരോടുള്ള കടപ്പാട് രേഖപ്പെടുത്തുന്നു



### ഹൃദയം നിറഞ്ഞ നന്ദി

എം.എൽ.എ.യുടെ ആസ്തിവികസന ഫണ്ടിൽ നിന്നും കുടവൂർ ക്ഷേത്രക്കുളം നവീകരിക്കുന്നതിന് 42,37,065 രൂപ അനുവദിക്കുകയും, നവീകരണ പ്രവർത്തനങ്ങൾ പൂർത്തിയാക്കാൻ സഹായിക്കുകയും ചെയ്ത ബഹു: ചിറയിൻകീഴ് **എം.എൽ.എ. ശ്രീ. വി. ശശി അവർകൾക്ക്** കുടവൂർ ശ്രീ മഹാദേവ ക്ഷേത്ര ട്രസ്റ്റിന്റെ ഹൃദയം നിറഞ്ഞ നന്ദി.



ക്ഷേത്രത്തിന്റെ സർവ്വ ഐശ്വര്യങ്ങൾക്കും കാരണഭൂതനായിക്കൊണ്ട് ക്ഷേത്ര ട്രസ്റ്റുമായും ഭക്തജനങ്ങളുമായും സഹകരിച്ച് പ്രവർത്തിച്ചു കൊണ്ടിരിക്കുന്ന ക്ഷേത്ര തന്ത്രി, ശബരിമല മുൻ മേൽശാന്തി, ഉദിയന്നൂർ, തെക്കേടത്തുമന **ബ്രഹ്മശ്രീ നാരായണൻ വിഷ്ണു നമ്പൂതിരിയോടുള്ള** ആദരവ് ഹൃദയപൂർവ്വം രേഖപ്പെടുത്തുന്നു.

## സമർപ്പണം

**പുഷ്പാലങ്കാരം**

ശ്രീ. കെ വിജയകുമാരൻ നായർ , ആതിര ഭവൻ (കൊല്ലയിൽ), കുടവൂർ
ശ്രീ. സെന്തിൽ പാണ്ടി, ആക്രി വ്യാപാരം, പൊയ്കയിൽ.

**വെള്ളനിവേദ്യം**

കുമാരി റോഷ്നി, കുടവൂർമഠം, കുടവൂർ

മഹാശിവരാത്രി ആശംസകൾ